കർഷകത്തൊഴിലാളി പെൻഷൻ

*14 [91] *ശ്രീ. ടി. കെ. ദേവകുമാർ:*

" *വി. കെ. ചന്ദ്രൻ:*

" *വി. ചെന്താമരാക്ഷൻ:*

" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുക, ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സംസ്ഥാന കർഷകത്തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് നടയിൽ നടന്ന അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് തൊഴിലാളി യൂണിയൻ പ്രതിനിധികളും സർക്കാരും തമ്മിലുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(ഡി) കർഷകത്തൊഴിലാളി പെൻഷൻ എത്ര മാസത്തെ കുടിശ്ശികയാണ് ഇപ്പോൾ നിലവിലുള്ളത്; പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും;

(ഇ) കർഷകത്തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):*

(എ) കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന സമരവുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി മുഖ്യമന്ത്രി, ധനകാര്യമന്ത്രി, തൊഴിൽവകുപ്പ് മന്ത്രി എന്നിവർ വിവിധ ഘട്ടങ്ങളായി ചർച്ച നടത്തുകയുണ്ടായി. അതിനുശേഷം തൊഴിൽ വകുപ്പുമന്ത്രി നടത്തിയ അനുരഞ്ജന ചർച്ചയിൽ കർഷകത്തൊഴിലാളി പെൻഷൻ ഒരു ഗഡു (മൂന്നു മാസത്തേത്) ഉടൻ നൽകുവാനും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി വിതരണം ചെയ്യേണ്ടുന്ന ആനുകൂല്യങ്ങളിൽ വിവാഹധനസഹായം ഒഴികെ ബാക്കിയുള്ളവ (വൈദ്യസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നിവ) കുടിശ്ശിക തീർത്ത് പിന്നാലെ നൽകുന്നതാണെന്നും ധാരണയായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ ചർച്ചയിലെടുത്ത തീരുമാനത്തെത്തുടർന്ന്, ഒരു ഗഡു കർഷകത്തൊഴിലാളി പെൻഷൻ, അതായത് 1-4-2003 മുതലുള്ള മൂന്നു മാസത്തേത്, നൽകുവാൻ 7-6-2005-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ലേബർ കമ്മീഷണർ ഇതിനാവശ്യമായ തുക വിതരണത്തിനായി ജില്ലാ ലേബർ ഓഫീസർമാർക്ക് അലോട്ട് ചെയ്യുകയും അവർ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നൽകേണ്ടുന്ന ആനുകൂല്യങ്ങൾ, വിവാഹധനസഹായം ഉൾപ്പെടെ, ഓണത്തിനുമുൻപ് വിതരണം ചെയ്യുന്നതിലേക്കായി നടപ്പ് സാമ്പത്തിക വർഷം 3,02,23,831 രൂപ ബോർഡിന്റെ ജില്ലാ ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) പെൻഷൻ സംബന്ധിച്ച് സർക്കാർ ഉത്തരവ് 7-6-2005-ന് പുറപ്പെടുവിച്ചിരുന്നു. അതിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) ഒരു ഗഡു പെൻഷൻ ഓണത്തിനുമുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാഭ്യാസ വായ്പ

*15 [92] *ശ്രീ. കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും സ്വകാര്യസ്ഥാപനംവഴി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും വിദ്യാഭ്യാസ വായ്പ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങൾ വഴിയാണ് ഇപ്രകാരം വായ്പ നൽകുന്നതെന്ന് പറയുമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് വായ്പ നൽകുന്നത്;

(സി) ഏതെല്ലാം വ്യവസ്ഥകൾക്കു വിധേയമായാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം പണം കൊടുക്കുന്നതെന്ന് പറയുമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പണം വാങ്ങുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാം വ്യവസ്ഥ അനുസരിച്ചാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്;

(ഇ) ഈ പദ്ധതിപ്രകാരം സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും സ്വകാര്യ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് പ്രതിവർഷം നൽകാനുദ്ദേശിച്ചിട്ടുള്ളത്?

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

[8-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 14 (*91)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

തൊഴിൽ വകുപ്പ്—കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി-പെൻഷൻ വിതരണം-തുക പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

സ. ഉ. (സാ.) നം. 1486/2005/തൊഴിൽ. തിരുവനന്തപുരം, 2005 ജൂൺ 7.

പരാമർശം:—ലേബർ കമ്മീഷണറുടെ 1-6-2005-ലെ പി(2) 10515/05 നമ്പർ കത്ത്.

ഉത്തരവ്

2005-2006 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കർഷക തൊഴിലാളി പെൻഷനുവേണ്ടി വകയിരുത്തിയിട്ടുള്ള 44.64 കോടി രൂപയിൽ നിന്നും 1-4-2003 മുതൽ 30-6-2003 വരെയുള്ള ഒരു ഗഡു പെൻഷൻ വിതരണം ചെയ്യുന്നതിനായി 21,47,24,034 രൂപ (ഇരുപത്തി ഒന്ന് കോടി നാൽപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തി നാലായിരത്തി മുപ്പത്തിനാല് രൂപ മാത്രം) പിൻവലിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് മുഖേന ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയായ 44.64 കോടി രൂപയിൽ നിന്നും 21,47,24,034 രൂപ (ഇരുപത്തി ഒന്ന് കോടി നാൽപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തി നാലായിരത്തി മുപ്പത്തിനാല് രൂപ മാത്രം) 1-4-2003 മുതൽ 30-6-2003 വരെയുള്ള ഒരു ഗഡു കർഷക തൊഴിലാളി പെൻഷൻ വിതരണത്തിനായി താഴെപ്പറയുന്ന ശീർഷകങ്ങളിൽ പിൻവലിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2235-60-198-50 (ഗ്രാമപഞ്ചായത്ത്)	-	19,93,65,516	രൂപ
2235-60-192-50 (മുനിസിപ്പാലിറ്റീസ്)	-	1,36,14,804	രൂപ
2235-60-191-50 (കോർപ്പറേഷൻ)	-	17,43,714	രൂപ
ആകെ	-	21,47,24,034	രൂപ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ. സി. കുമാർ,
അണ്ടർ സെക്രട്ടറി.

അനുബന്ധം - VI

[8-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3 (441)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ താഴെപറയുന്ന വ്യവസായ പാർക്കുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

നമ്പർ	*പാർക്ക്*	*മേഖല*
(1)	(2)	(3)
1	കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്ക്, തുമ്പ, തിരുവനന്തപുരം	വസ്ത്ര നിർമ്മാണം
2	കിൻഫ്രാ ചെറുകിട വ്യവസായ പാർക്ക്, തുമ്പ, തിരുവനന്തപുരം	ചെറുകിട വ്യവസായം
3	കിൻഫ്രാ ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം	സിനിമാ വ്യവസായം
4	കിൻഫ്രാ ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം	ചെറുകിട വ്യവസായം
5	കിൻഫ്രാ എക്സ്പോർട്ട് പ്രമോഷൻ, ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, എറണാകുളം	കയറ്റുമതി അധിഷ്ഠിത വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly